# പതിമൂന്നാം കേരളനിയമസഭ
# പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2652 — 10/12/2014-ൽ മറുപടിക്ക്

## വൈക്കംമണ്ഡലത്തിലെ കാൻസർ സാന്നിധ്യം

**ചോദ്യം**

ശ്രീ. കെ. അജിത്

**മറുപടി**

ശ്രീ. വി. എസ്. ശിവകുമാർ
(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി)

---

| | | | |
|---|---|---|---|
| (എ) | വൈക്കം നിയോജകമണ്ഡലത്തിലെ ചില പ്രദേശങ്ങളിൽ കാൻസർ പടർന്നു പിടിക്കുന്നതായ മാദ്ധ്യമ വാർത്ത ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | ആരോഗ്യവകുപ്പ് ഇതു സംബന്ധിച്ച് അന്വേഷണം നടത്തുകയോ വസ്തുതാ പഠനം നടത്തുകയോ ചെയ്തിട്ടുണ്ടോ ; | (ബി) | കോട്ടയം ജില്ലാ മെഡിക്കൽ ഓഫീസർ ഈ മാധ്യമ വാർത്തയെത്തുടർന്ന് അന്വേഷണം നടത്തുകയും വിവരശേഖരണം നടത്തുകയും വസ്തുതാപഠനം നടത്തുകയും ചെയ്യുന്നുണ്ട്. |
| (സി) | ഇതു സംബന്ധിച്ച് ജനങ്ങളുടെ ആശങ്ക അകറ്റുന്നതിന് എന്തു നടപടികളാണ് വകുപ്പു തലത്തിൽ സ്വീകരിച്ചിട്ടുള്ളതെന്നും ഏതേതു പ്രദേശങ്ങളിലാണ് രോഗ വിവരം കൂടുതൽ റിപ്പോർട്ടു ചെയ്യപ്പെട്ടിട്ടുള്ളതെന്നും വ്യക്തമാക്കുമോ ? | (സി) | കോട്ടയം ജില്ലാ മെഡിക്കൽ ഓഫീസറുടെ അന്വേഷണത്തിൽ കണ്ടെത്തിയത് പ്രകാരം ടി.വി.പുരം പഞ്ചായത്തിലാണ് കാൻസർ കൂടുതലായി റിപ്പോർട്ട് ചെയ്യപ്പെട്ടിരിക്കുന്നത്. ടി പഞ്ചായത്തിൽ നിന്നും കാൻസർ ബാധിതരായ ആൾക്കാരുടെ വിവര ശേഖരണങ്ങൾ നടത്തുകയും ജനങ്ങളുടെ ആശങ്ക അകറ്റുന്നതിനായി ബോധവത്കരണ ക്ലാസ്സുകൾ സംഘടിപ്പിക്കുകയും ചെയ്തിട്ടുണ്ട്. ഈ പഞ്ചായത്തിൽ കാൻസർ നിർണ്ണയ ക്യാമ്പ് സംഘടിപ്പിക്കുന്നതിന്റെ ഭാഗമായി വോളന്റിയർമാർക്കും, ആരോഗ്യ പ്രവർത്തകർക്കും മെഡിക്കൽ |

| | | | |
|---|---|---|---|
| | | | ഓഫീസറുടെ നേതൃത്വത്തിൽ പരിശീലനം നൽകിയിട്ടുണ്ട്. വീട്ടു തോറുമുള്ള ആരോഗ്യ സർവ്വേ നടത്തി വരുന്നു.<br><br>വൈക്കം ബ്ലോക്കിലെ മറ്റു പഞ്ചായത്തുകളിലും സർവ്വേ നടത്തുന്നതിനുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്. വൈക്കം എം.എൽ.എ.യുടെ താല്പര്യ പ്രകാരം എല്ലാ പ്രദേശങ്ങളെയും ഉൾപ്പെടുത്തി വിദഗ്ധരേയും ഉന്നത അധികാരികളെയും പങ്കെടുപ്പിച്ചുകൊണ്ട് ഒരു ഉന്നത തല മീറ്റിംഗ് നടത്തുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ